പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2451 — 19-06-2013- ൽ മറുപടിയ്ക്ക്

**പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങളുടെ സംരക്ഷണ നവീകരണ പ്രവർത്തനങ്ങൾക്ക് പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.അൻവർ സാദത്ത് | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ജലസംരക്ഷണത്തിനും ജലസുരക്ഷ ഉറപ്പാക്കുന്നതിനുമായി കുളങ്ങളുടെ സംരക്ഷണ നവീകരണ പ്രവർത്തനങ്ങൾക്ക് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ, ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (ബി) സംസ്ഥാനത്ത് ലഭ്യമാകുന്ന മഴവെള്ളം പരമാവധി സംരക്ഷിക്കുക, കൂടുതൽ ജലം സംഭരിക്കുക, ഭൂജലപോഷണം വർദ്ധിപ്പിക്കുക, കൃഷിക്ക് ലഭ്യമാകുന്ന വെള്ളത്തിന്റെ തോത് വർദ്ധിപ്പിക്കുക എന്നിവയാണ് ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| (സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ ; | (സി) ജലസേചന വകുപ്പാണ് പ്രധാനമായും ജലസ്രോതസ്സുകളുടെ സംരക്ഷണ നവീകരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നത്. |
| (ഡി) ഇതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) കുളങ്ങളുടെയും ടാങ്കുകളുടെയും നവീകരണത്തിനായി 13-ാം ധനകാര്യകമ്മീഷനിൽ ഉൾപ്പെടുത്തി 2011-15 കാലയളവിലേയ്ക്കായി 50 കോടി രൂപയുടെ പ്രവർത്തനങ്ങൾ നടന്നു വരുന്നു. 2010-11 സാമ്പത്തിക വർഷത്തിൽ കുളങ്ങളുടെ നവീകരണത്തിനായി ഏറ്റെടുത്ത 28.22 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു.<br>ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി 72.758 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാന ബഡ്ജറ്റ് വിഹിതം ഉപയോഗിച്ചുള്ള കുളം നവീകരണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ.